# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC NO:6775 /22/NS-1

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
22/05/2023

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്.

വിഷയം:- പറവൂർ ഗ്രൂപ്പ്- പെരുവനം സബ്ഗ്രൂപ്പിൽപ്പെട്ട പയങ്കൽ ദേവസ്വം ഉപദേശകസമിതി പിരിച്ചുവിടുന്നത് സംബന്ധിച്ച്.

സൂചന:-1. **30/11/2011**-ലെ **ROC 1809/09/NS** നമ്പർ ബോർഡ് വിജ്ഞാപനം.

2. **19/04/2022**-ലെ മേൽ നമ്പർ ഉത്തരവ്.
3. നോർത്ത് പറവൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ **27/02/2023**-ലെ **429/2023** നമ്പർ റിപ്പോർട്ട്.
4. **20/03/2023**-ലെ ഈ ഓഫീസിലെ **ROC 3770/23/PR** നമ്പർ ഉത്തരവ്.
5. നോർത്ത് പറവൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ **05/04/2023**-ലെ **792/2023** നമ്പർ റിപ്പോർട്ട്.
6. **13/04/2023**-ലെ ബഹു: ഹൈക്കോടതിയുടെ **WP(C) 13953/2023** നമ്പർ കേസിലുള്ള വിധി ന്യായം
7. **13/04/2023**-ലെ മേൽ നമ്പർ ഉത്തരവ്.
8. നോർത്ത് പറവൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ **13/04/2023**-ലെ **856/2023** നമ്പർ റിപ്പോർട്ട്.

നോർത്ത് പറവൂർ ഗ്രൂപ്പിലെ പെരുവനം സബ്ഗ്രൂപ്പിൽപ്പെട്ട പയങ്കൽ ദേവസ്വത്തിലേയ്ക്കുള്ള ഉപദേശകസമിതി തെരഞ്ഞെടുപ്പ് **സൂചന (1)** വിജ്ഞാപനം അനുസരിച്ച് **08.03.2022**-ൽ നടത്തുകയും പ്രസ്തുത ഉപദേശകസമിതിയെ **സൂചന (2)** പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. ടി ദേവസ്വത്തിലെ കൊല്ലവർഷം **1198 മേടഭരണി ഉത്സവം 11.04.2023** മുതൽ **22.04.2023** വരെ നടക്കേണ്ടതാണെന്നും മുൻകാലങ്ങളിലേതുപോലെ ഉത്സവത്തോടനുബന്ധിച്ചുള്ള ദേശപറയ്ക്ക് വേണ്ടിയുള്ള ചെലവ് എന്ന പേരിൽ ഇത്തവണയും

ദേവസ്വം ബോർഡിന് ലഭിക്കേണ്ടതായ ക്ഷേത്ര പരിസരത്തെ പറ വഴിപാട് ക്ഷേത്രാപദേശകസമിതി എടുക്കുന്നത് അംഗീകരിക്കാനാവില്ലെന്നും ആയതിനാൽ ക്ഷേത്ര കോമ്പൗണ്ടിനകത്ത് വരുന്ന പറവഴിപാടുകൾ ഡിപ്പാർട്ടുമെന്റിന്റെ രസീത് പ്രകാരം നടത്തുന്നതിനും ആയതിനു വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും അനുമതി ആവശ്യപ്പെട്ട് കൊണ്ട് **സൂചന (3)** പ്രകാരം റിപ്പോർട്ട് ലഭിച്ചു. തുടർന്ന് ടി ദേവസ്വത്തിലെ കൊല്ലവർഷം **1198** എം.ഇ തിരു-ഉത്സവത്തിന് ക്ഷേത്രത്തിലെ പറ വഴിപാട് ഡിപ്പാർട്ടുമെന്റ് നേരിട്ട് നടത്തുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും **സൂചന (4)** പ്രകാരം വടക്കൻ പറവൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു.

**സൂചന (4)** ഉത്തരവ് കണക്കിലെടുത്ത് ടി ദേവസ്വത്തിലെ **11/04/2023** മുതൽ **22/04/2023** വരെ മേട ഭരണിയോടനുബന്ധിച്ച് പറ വഴിപാട് ഡിപ്പാർട്ടുമെന്റ് നേരിട്ടു നടത്തുന്നത് സംബന്ധിച്ച് **10/04/2023**-ൽ ക്ഷേത്ര ഉപദേശകസമിതിയുമായി ചർച്ച നടത്തുകയും എന്നാൽ പറ വഴിപാട് ഡിപ്പാർട്ടുമെന്റിന് വിട്ട് തരില്ലായെന്ന ധിക്കാരപരമായ നിലപാടിൽ ഉപദേശകസമിതി ഉറച്ച് നിന്നിട്ടുള്ളതും തുടർന്ന് ദേവസ്വം റവന്യൂ തിരിച്ച് പിടിക്കുന്നതിന് വേണ്ടി വൈക്കം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ നേതൃത്വത്തിൽ **11.04.2023** രാവിലെ പറയെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചപ്പോൾ ഉപദേശകസമിതി പൂരകമ്മിറ്റിയെയും നാട്ടുകാരേയും സംഘടിപ്പിച്ച് വൻ പ്രതിഷേധം സംഘടിപ്പിക്കുകയും ദേവസ്വം ഉദ്യോഗസ്ഥരെയും, ജീവനക്കാരെയും പറയെടുക്കുന്നതിൽ നിന്നും തടയുകയും ക്ഷേത്രത്തിൽ സംഘർഷാവസ്ഥ സൃഷ്ടിടിച്ചിട്ടുള്ളതുമാണ്. ക്ഷേത്രത്തിൽ സംഘർഷാവസ്ഥ ഒഴിവാക്കുന്നതിനായി വൈക്കം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ ഉപദേശകസമിതിയുമായി ചർച്ച നടത്തുകയും ടി പറയെടുപ്പ് ഡിപ്പാർട്ടുമെന്റ് എടുക്കുന്നതിന് അനുകൂലമായി നിൽക്കണമെന്ന് ആവശ്യപ്പെടുകയും എന്നാൽ നിഷേധാത്മകമായ നിലപാടാണ് ഉപദേശകസമിതി ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്.

കൊടിയേറ്റിന് ശേഷം ആന കൊട്ടിലിൽ ഡിപ്പാർട്ടുമെന്റ് പറ വഴിപാട് നടത്തുന്നതിനാവശ്യമായ വഴിപാട് രസീത് ഉൾപ്പെടെയുള്ള സാധന സാമഗ്രികൾ സജ്ജീകരിച്ച് പറ വഴിപാട് നടത്തുന്നതിനുള്ള നടപടികളും ചെയ്തിട്ടുള്ള അവസരത്തിൽ ഉപദേശകസമിതി ഡിപ്പാർട്ടുമെന്റ് ക്രമീകരിച്ചിരുന്ന സാധാന സാമഗ്രികൾ ഉപയോഗിച്ച് ആന കൊട്ടിലിൽ വച്ച് അനധികൃതമായി പറ വഴിപാട് നടത്തിയിട്ടുള്ളതായി വിവരിച്ച് **സൂചന (8)** റിപ്പോർട്ട് ലഭിച്ചു. ഇപ്രകാരം ഡിപ്പാർട്ടുമെന്റിന്റെ വരുമാനം അപഹരിക്കുകയും ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി തടസ്സപ്പെടുത്തുകയും ചെയ്ത ഉപദേശകസമിതിയെ പിരിച്ച് വിടുന്നതിനും കരിമ്പട്ടികയിൽപ്പെടുത്തി വിലക്ക് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പറവൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ശുപാർശ ചെയ്തിട്ടുള്ളതാണ്. **സൂചന (8).** മാത്രമല്ല **സൂചന-6-ൽ** പരാമർശിച്ചിരിക്കുന്ന കോടതി വിധി മുഖേന ദേവസ്വം ബോർഡിന് അനുകൂലമായാണ് തീർപ്പുണ്ടായിട്ടുള്ളത്.

ക്ഷേത്രങ്ങളിൽ ഉത്സവാദി അടിയന്തിരങ്ങൾ, മറ്റ് ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിന് ദേവസ്വം ബോർഡിന് സഹായകരമായി പ്രവർത്തികുക എന്ന മൗലികമായ ഉത്തരവാദിത്വ ലംഘനം പയങ്കൽ ദേവസ്വം ഉപദേശകസമിതിയിൽ നിന്നും ഉണ്ടായിട്ടുള്ളതായി **സൂചന (8)** റിപ്പോർട്ടിൽ നിന്നും വ്യക്തമായിട്ടുള്ളതാണ്. ക്ഷേത്രത്തിലെ സമാധാന അന്തരീക്ഷം തകർക്കുക, ദേവസ്വം ബോർഡിന്റെ വരുമാനം അപഹരിക്കുക, ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും കൃത്യനിർവഹണത്തിൽ തടസ്സം സൃഷ്ടിക്കുക തുടങ്ങിയ ഗുരുതരമായ ബൈലാ വിരുദ്ധ നടപടിയാണ് ഉപദേശകസമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളത്. **സൂചന (1)** ബൈലയിലെ **നിബന്ധന 2,9,18** എന്നിവയുടെ പൂർണ്ണമായ ലംഘനം നടത്തിയിട്ടുള്ളതായി വ്യക്തമായ സാഹചര്യത്തിൽ ബഹു: ഹൈക്കോടതി അംഗീകരിച്ച **സൂചന (1)** ലെ വിജ്ഞാപന പ്രകാരം നിർണ്ണയിച്ചിട്ടുള്ള ദേവസ്വം ബോർഡിന്റെ അധികാര അവകാശങ്ങൾ **(നിബന്ധന 12)** എന്നിവ വിനിയോഗിച്ച് ചുവടെ വിവരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നോർത്ത് പറവൂർ ഗ്രൂപ്പിലെ പെരുവനം സബ്ഗ്രൂപ്പിൽപ്പെട്ട പയങ്കൽ ദേവസ്വത്തിലെ തെരഞ്ഞെടുത്ത് സൂചന (2) ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുള്ള ഉപദേശകസമിതിയെ പിരിച്ച് വിട്ട് ഉത്തരവാകുന്നു. ടി ഉപദേശകസമിതിയുടെ നാളിതു വരെയുള്ള വരവ്-ചെലവ് കണക്കുകൾ രണ്ടാഴ്ചയ്ക്കുള്ളിൽ ആഡിറ്റിന് വിധേയമാക്കുന്നതിന് ബന്ധപ്പെട്ട് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽ ഹാജരാക്കേണ്ടതാണ്. യഥാ സമയം വരവ്-ചെലവ് കണക്ക് സമർപ്പിച്ചില്ലായെങ്കിൽ പിരിച്ചു വിട്ട ഉപദേശകസമിതിയ അംഗങ്ങളെ ഇനിവരുന്ന തെരഞ്ഞെടു പ്പിനോടനുബന്ധിച്ച് രജിസ്റ്റേർഡ് മണ്ഡലത്തിൽ നിന്നും ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതു വരെ ഒഴിവാക്കേണ്ടതാണ്.
2. പയങ്കൽ ദേവസ്വത്തിൽ ഡിപ്പാർട്ടുമെന്റ് ക്രമീകരിച്ചിരുന്ന സാധന സാമഗ്രികൾ ഉപയോഗിച്ച് അനധികൃതമായി പറ വഴിപാട് നടത്തി ഡിപ്പാർട്ടുമെന്റിന് ലഭിക്കേണ്ടുന്ന വരുമാനം അപഹരിച്ചിട്ടുള്ള ഉപദേശകസമിതിയ്ക്കെതിരെ ക്രിമിനൽ കേസ് ഫയൽ ചെയ്യുന്ന തിന് വേണ്ട നടപടി സ്വീകരിക്കുന്നതിന് പറവൂർ അസിസ്റ്റന്റ് ദേവ സ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

വിശ്വസ്തതയോടെ,

ദേവസ്വം കമ്മീഷണർ

RA 22/05